"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് - 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.4925/2024/ധന തീയതി,തിരുവനന്തപുരം, 22-06-2024

പരാമർശം : 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.05.2024 തീയതിയിലെ No.LSGD/PD/16934/2024-DPLA1 നമ്പർ കത്ത്.

2. 04/08/2023 തീയതിയിലെ ചെറുപുഴ സബ്ട്രഷറി ഓഫീസറുടെ A3-8/2023 നമ്പറായുള്ള കത്ത്.

3. സ.ഉ.(പി) നം.86/2016/ധന തീയതി. 17.06.2016

## ഉത്തരവ്

എരമം കുറ്റൂർ ഗ്രാമ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ' പ്രോജക്ട് നം. 197/2023-മെൻസ്ട്രുവൽ കപ്പ് വിതരണം ' എന്ന പദ്ധതിയുടെ ഭാഗമായി വികസന ഫണ്ട് ജനറൽ സെക്ടറിൽ നിന്നും നൽകിയതും അക്കൗണ്ട് നമ്പറിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 77,400/- രൂപ പുനരനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്

2) സർക്കാർ ഇക്കാര്യം വിശദമായ പരിശോധിക്കുകയും, പരാമർശം (2) പ്രകാരം ചെറുപുഴ സബ് ട്രഷറി ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് (G130105) 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ' പ്രോജക്ട് നം. 197/2023-മെൻസ്ട്രുവൽ കപ്പ് വിതരണം ' എന്ന പദ്ധതിയുടെ

ഭാഗമായി ഗുണഭോക്താവായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ലഭിക്കേണ്ട തുകയായ 77,400/- ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പറിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 77,400/- രൂപ (എഴുപത്തേഴായിരത്തി നാനൂറ് രൂപ മാത്രം) '3604-00-200-81-05-35-00-NV എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച് ഉത്തരവാകുന്നു. ടി തുക ഒരു മാസത്തിനുള്ളിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനു ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്- II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/ സെക്രട്ടറി എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്
ധനകാര്യ (ബി.ഡബ്ല്യു-ജെ / ഡെവലപ്മെന്റ് വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-2740316)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ